# സാന്തോം വോയ്സ്

## പത്തനംതിട്ട ഭദ്രാസന ബുള്ളറ്റിൻ

വാല്യം 2 2011 ആഗസ്റ്റ്-ഒക്ടോബർ ലക്കം 3

Published By Chancellor, Eparchy of Pathanamthitta

# ലോകമിഷൻ ഞായർ - 2011

## മാർപാപ്പയുടെ സന്ദേശം

*"പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ 20:21).*

"പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ 20:21). "ആദിമക്രിസ്ത്യാനികൾക്കുണ്ടായിരുന്ന അതേ ആവേശത്തോടെ" സുവിശേഷം പ്രഘോഷിക്കാനുള്ള സമർപ്പണം പുതുക്കുക അത്യാവശ്യമാണെന്ന് വന്ദ്യനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ നവീന സഹസ്രാബ്ദത്തിന്റെ ആരംഭത്തിൽ, രണ്ടായിരാം വർഷത്തെ ജൂബിലി ആഘോഷിച്ച സന്ദർഭത്തിൽ, ശക്തിയുക്തം ആവർത്തിച്ചു പറഞ്ഞു (നോവോ മില്ലേനിയോ ഇന്നേവുന്തേ നമ്പർ 58). മനുഷ്യസമൂഹത്തിനും തന്റെ അസ്തിത്വം പൂർണമായി ജീവിക്കാനുള്ള അഗാധമായ കാരണങ്ങൾ അന്വേഷിക്കുന്ന ഓരോ വ്യക്തിക്കും നല്കാൻ സഭയ്ക്കു സാധിക്കുന്ന ഏറ്റവും വിലപ്പെട്ട സേവനമാണത്. ഇക്കാരണത്താൽ അതേ ക്ഷണം ലോകമിഷൻ ഞായർ ആഘോഷത്തിൽ പ്രതിധ്വനിക്കുന്നു. യഥാർത്ഥത്തിൽ അവിരാമമായ സുവിശേഷപ്രഘോഷണം സഭയെ സജീവമാക്കുന്നു. സഭയുടെ തീക്ഷ്ണതയും പ്രേഷിതചൈതന്യവും സജീവമാക്കപ്പെടുന്നുമുണ്ട്. അത് സഭയുടെ അജപാലനരീതികളെ നവീകരിക്കുന്നു. അവ പുതിയ സാഹചര്യങ്ങൾക്കും - നവസുവിശേഷവത്കരണം ആവശ്യമായിരിക്കുന്ന സാഹചര്യങ്ങൾക്കും - കൂടുതൽ കൂടുതൽ യോജിച്ചതായിരിക്കാൻ വേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്. അജപാലനരീതികൾ പ്രേഷിതപ്രചോദനത്താൽ സജീവമാക്കുകയെന്ന ലക്ഷ്യവും അതിനുണ്ട്. "സഭയെ മിഷൻ നവീകരിക്കുന്നു. വിശ്വാസത്തെയും ക്രൈസ്തവ തനിമയെയും ശക്തിപ്പെടുത്തുന്നു. പുതിയ ആവേശവും പുതിയ ലക്ഷ്യങ്ങളും നല്കുന്നു. അതു നല്കുന്നതു വഴി വിശ്വാസം ശക്തമാക്കപ്പെടുന്നു. സാർവത്രിക മിഷനോടുള്ള സമർപ്പണത്തിൽ ക്രൈസ്തവ ജനതകളുടെ നവസുവിശേഷവത്കരണം പ്രചോദനവും പിന്തുണയും കണ്ടെത്തും" (നമ്പർ 2).

**പോകുവിൻ, പ്രഘോഷിക്കുവിൻ**

ഈ ലക്ഷ്യം ലിറ്റർജിയുടെ ആഘോഷത്തിൽ നിരന്തരമായി പുനരുജ്ജീവിപ്പിക്കപ്പെടുന്നു. പ്രത്യേകിച്ചു ദിവ്യബലിയിൽ അങ്ങനെ ചെയ്യുന്നു. ദിവ്യബലി (ലത്തീൻ ക്രമത്തിൽ) എപ്പോഴും അവസാനിക്കുന്നത് ഉത്ഥിതനായ യേശു അപ്പസ്തോലന്മാർക്കു നല്കിയ "പോകുവിൻ"...(മത്തായി 28:19) എന്ന കല്പനയോടുകൂടിയാണല്ലോ. ലിറ്റർജി എപ്പോഴും ലോകത്തിൽ നിന്നു വിളിച്ചുവരുത്തലും ലോകത്തിലേക്കുള്ള അയയ്ക്കലുമാണ്. അനുഭവിച്ചതെന്തോ അതിനു സാക്ഷ്യം നല്കാനാണ് അയയ്ക്കുന്നത്. ദൈവവചനത്തിന്റെ രക്ഷാകരമായ ശക്തി - ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിന്റെ രക്ഷാകരമായ ശക്തി - ആണ് അനുഭവിച്ചറിഞ്ഞത്. ഉത്ഥിതനായ കർത്താവിനെ കണ്ടുമുട്ടിയ എല്ലാവർക്കും, എമ്മാവൂസിലെ രണ്ടു ശിഷ്യന്മാർക്കെന്നപോലെ, കർത്താവിനെപ്പറ്റി മറ്റുള്ളവരോടു പ്രഘോഷിക്കുക ആവശ്യമാണെന്നത് തോന്നും. ആ ശിഷ്യന്മാർ അപ്പം മുറിക്കലിൽ കർത്താവിനെ തിരിച്ചറിഞ്ഞതിനുശേഷം "അപ്പോൾത്തന്നെ എഴുന്നേറ്റ് ജറുസലെമിലേക്കു തിരിച്ചുപോയി, അവിടെ

കൂടിയിരുന്ന പതിനൊന്നു പേരെയും കണ്ടു". വഴിയിൽ വച്ചു സംഭവിച്ചത് അവരോടു പറയുകയും ചെയ്തു (ലൂക്കാ 24:33-34). ജോൺപോൾ രണ്ടാമൻ മാർപാപ്പ ഇങ്ങനെ ആഹ്വാനം ചെയ്തു: "അവിടത്തെ മുഖം തിരിച്ചറിയാനും നമ്മുടെ സഹോദരങ്ങളുടെയടുത്തേക്ക് ഓടിച്ചെന്ന് അവരോട് മഹാസന്ദേശം അറിയിക്കാനും നാം ജാഗ്രതയുള്ളവരും സന്നദ്ധരുമായിരിക്കണം. ആ സന്ദേശമാകട്ടെ 'ഞങ്ങൾ കർത്താവിനെ കണ്ടു'എന്നതാണ് ("നോവോ മില്ലേനിയോ ഇന്നേവുന്തേ", നമ്പർ 59).

**എല്ലാവരോടും**

എല്ലാ ജനതകളും സുവിശേഷപ്രഘോഷണത്തിന്റെ സ്വീകർത്താക്കളാണ്. സഭ "പ്രകൃത്യാ പ്രേഷിതയാണ്. എന്തെന്നാൽ പിതാവായ ദൈവത്തിന്റെ പദ്ധതിയനുസരിച്ച് പുത്രനെയും പരിശുദ്ധാത്മാവിനെയും അയച്ചുവെന്ന വസ്തുതയിൽ നിന്നാണ് അത് ഉദ്ഭവിച്ചത്" ("ആദ് ജെന്തെസ്", നമ്പർ 2). ഇത് "സഭയുടെ തനതായ സന്തോഷവും വിളിയുമാണ്, അവളുടെ ഏറ്റവും അഗാധമായ തനിമയാണ്. അവൾ നിലകൊള്ളുന്നത് സുവിശേഷവത്കരിക്കാനാണ് (പോൾ ആറാമൻ, "എവാഞ്ചെലീ നൂൺസ്യാന്തി", നമ്പർ 14). തത്ഫലമായി സഭയ്ക്ക് ഒരിക്കലും തന്നിൽ തന്നെ അടച്ചുപൂട്ടിയിരിക്കാൻ കഴിയുകയില്ല. അവൾ ചില സ്ഥലങ്ങളിൽ വേരുറപ്പിക്കുന്നത് ആ സ്ഥലങ്ങൾക്കപ്പുറത്തേക്ക് പോകാനാണ്. ക്രിസ്തുവിന്റെ വാക്കിനോട് ഉറ്റബന്ധം പുലർത്തുന്നതും അവിടത്തെ കൃപയുടെയും സ്നേഹത്തിന്റെയും സ്വാധീനത്തിൽ പെട്ടതുമാണ് സഭയുടെ പ്രവർത്തനം. അത് എല്ലാ മനുഷ്യർക്കും എല്ലാ ജനതകൾക്കും പൂർണമായും വസ്തുനിഷ്ഠമായും സന്നിഹിതമാക്കപ്പെടുന്നു. അവരെ ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്കു നയിക്കുന്നതിനാണത് (cf "ആദ് ജെന്തെസ്" നമ്പർ 5).

ഈ ദൗത്യത്തിന് അതിന്റെ അടിയന്തിര സ്വഭാവം നഷ്ടപ്പെട്ടിട്ടില്ല. നേരേമറിച്ച്, സഭയെ ഭരമേല്പിച്ചിരിക്കുന്ന രക്ഷകനായ ക്രിസ്തുവിന്റെ മിഷൻ ഇനിയും പൂർത്തിയായിട്ടില്ല... മനുഷ്യവംശത്തെ ആഗോളവ്യാപകമായി നോക്കിക്കാണുമ്പോൾ ഈ മിഷൻ ഇപ്പോഴും തുടക്കത്തിൽത്തന്നെ നില്ക്കുന്നുവെന്നു മനസ്സിലാകും. അതിന്റെ സേവനത്തിനായി നമ്മുടെ മുഴുവൻ ഊർജ്ജത്തോടും കൂടി നാം സ്വയം സമർപ്പിക്കണമെന്നും മനസ്സിലാകും (ജോൺ പോൾ രണ്ടാമൻ, "രക്ഷകന്റെ മിഷൻ" നമ്പർ 1). രണ്ടായിരം വർഷം കഴിഞ്ഞിട്ടും ക്രിസ്തുവിനെ അറിയാത്തവരും അവിടത്തെ രക്ഷാകരസന്ദേശം ശ്രവിക്കാത്തവരുമായ ജനതകൾ ഉണ്ട്. ഈ ചിന്തയുടെ മുമ്പിൽ നമുക്ക് നിഷ്ക്രിയരായിരിക്കാൻ സാധ്യമല്ല. ഇതു മാത്രമല്ല, സുവിശേഷപ്രഘോഷണം സ്വീകരിച്ചിട്ടും അതു മറക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നവരുടെ സമൂഹം വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്ന വസ്തുതയുമുണ്ട്. അവർ സഭയിൽ പെട്ടവരായി തങ്ങളെത്തന്നെ കരുതുന്നില്ല. പരമ്പരാഗതമായ ക്രൈസ്തവസമൂഹങ്ങളിൽ പല സാഹചര്യങ്ങളിലും അവർ വിശ്വാസവചനത്തോട് തുറവു കാണിക്കുന്നുമില്ല. ഒരു സാംസ്കാരിക പരിവർത്തനം നടന്നുകൊണ്ടിരിക്കുന്നു. ആഗോളവത്കരണം അതിന് ഇന്ധനം നല്കികൊണ്ടുമിരിക്കുന്നു. ചില ചിന്താപ്രസ്ഥാനങ്ങളും പ്രബലപ്പെടുന്ന ആപേക്ഷികതാവാദ

വു(relativism) മാണ് ആ പരിവർത്തനത്തിന്റെ പിന്നിൽ. സുവിശേഷ സന്ദേശം കൂടാതെ ജീവിക്കാൻ, ദൈവമില്ലെന്ന ഭാവത്തിൽ കഴിയാൻ, പ്രേരിപ്പിക്കുന്ന ഒരു മനോഭാവവും ജീവിതശൈലിയും ആ പരിവർത്തനത്തിന് ഇടയാക്കുന്നു. ധാർമ്മിക നിയമങ്ങൾ തള്ളിക്കളയുകപോലും ചെയ്തുകൊണ്ട് നേടുന്ന ക്ഷേമവും സുകരമായ സമ്പാദനവും തൊഴിലും വിജയങ്ങളും ജീവിതലക്ഷ്യമായി കരുതുന്നു.

**സകലരുടെയും സഹോത്തരവാദിത്വം**

സാർവത്രികമിഷൻ എല്ലാവരെയും എല്ലാ വസ്തുക്കളെയും എപ്പോഴും ഉൾക്കൊള്ളുന്നു. സുവിശേഷം, അതു സ്വീകരിച്ചവനു മാത്രമുള്ള നന്മയല്ല. അതു പങ്കു വയ്ക്കപ്പെടേണ്ട ദാനമാണ്. പകർന്നു നല്കേണ്ട സദ്വാർത്തയാണ്. ദാനം ചെയ്യാനുള്ള ഈ കടമ ചുരുക്കം ചിലരെ മാത്രം ഭരമേല്പിക്കപ്പെട്ടതല്ല. ഇത് മാമ്മോദീസാ സ്വീകരിച്ച സകലരുടെയും കടമയാണ്. മാമ്മോദീസാ സ്വീകരിച്ചവർ അവിടത്തെ വിസ്മയനീയ കൃത്യങ്ങൾ പ്രഘോഷിക്കാൻ വേണ്ടി "തിരഞ്ഞെടുക്കപ്പെട്ട ജനമാണ്, വിശുദ്ധ ജനമാണ്, ദൈവത്തിന്റെ സ്വന്തം ജനമാണ്" (1 പത്രോ 2:9).

എല്ലാ പ്രവർത്തനങ്ങളെയും അതുൾക്കൊള്ളുന്നു, സഭ ലോകത്തിൽ നടത്തുന്ന സുവിശേഷവത്കരണ പ്രവർത്തനത്തിൽ ശ്രദ്ധിക്കുകയും സഹകരിക്കുകയും ചെയ്യുകയെന്നത് ചുരുക്കം ചില നിമിഷങ്ങളിലോ സന്ദർഭങ്ങളിലോ ഒതുക്കി നിർത്താൻ പാടില്ല. അനേകം അജപാലനപ്രവർത്തനങ്ങളിൽ ഒന്നുമാത്രമായി കരുതാനും പാടില്ല. സഭയുടെ മിഷണറിമാരും സാരാംശപരമായിട്ടുള്ളതാണ്. അതുകൊണ്ട് അത് എല്ലായ്പ്പോഴും സന്നിഹിതമായി സൂക്ഷിക്കണം. അതുകൊണ്ട്, മാമ്മോദീസാ സ്വീകരിച്ച ഓരോ വ്യക്തിയും സഭാസമൂഹവും വല്ലപ്പോഴും മാത്രം പ്രേഷിതവേലയിൽ താത്പര്യം കാണിച്ചാൽ പോരാ. ആ താത്പര്യം സ്ഥിരമായിരിക്കണം. അത് ക്രൈസ്തവ ജീവിതരീതിപോലെയായിരിക്കണം. മിഷൻ ദിവസം വർഷത്തിലെ ഒറ്റപ്പെട്ട ഒരു നിമിഷമായിരിക്കരുത്. പിന്നെയോ പ്രേഷിതത്വത്തിനുള്ള വിളിയോട് നാം എങ്ങനെ പ്രത്യുത്തരിക്കുന്നുവെന്ന് ചിന്തിക്കാനുള്ള ഓരു നിമിഷമായിരിക്കണം. സഭയുടെ ജീവിതത്തിനു വേണ്ടിയുള്ള സാരാംശപരമായ ഒരു പ്രത്യുത്തരമായിരിക്കണം.

**ആഗോള സുവിശേഷവത്കരണം**

സുവിശേഷവത്കരണം ഒരു സങ്കീർണ പ്രക്രിയയാണ്. അതിൽ പല ഘടകങ്ങളുമുണ്ട്. അവയിൽ, മിഷണറി പ്രചോദനത്തെ സംബന്ധിച്ചിടത്തോളം, ഐക്യദാർഢ്യത്തിനു പ്രത്യേകമായ ശ്രദ്ധ നല്കിയിരുന്നു. ലോകമിഷൻ ഞായറിന്റെ ലക്ഷ്യങ്ങളിൽ ഒരെണ്ണവുമാണത്. അതനുസരിച്ച്, മിഷൻപ്രദേശങ്ങളിൽ സുവിശേഷവത്കരണത്തിന്റെ കടമകൾ നിർവഹിക്കുന്നതിന് പേപ്പൽ മിഷണറി അസോസിയേഷനുകൾ വഴി സഹായം അഭ്യർത്ഥിക്കുന്നു. ഉപദേശികൾ, സെമിനാരികൾ, വൈദികർ എന്നിവർ വഴി സഭ സ്ഥാപിക്കാനും സ്ഥിരീകരിക്കാനും അത്യാവശ്യമായിരിക്കുന്ന സ്ഥാപനങ്ങളെ പിന്താങ്ങാനുള്ള ഒരു ശ്രമം നടത്തുന്നു. മാത്രമല്ല, ദാരിദ്ര്യം, പോഷകാഹാരക്കുറവ്, പ്രത്യേകിച്ച് കുട്ടികളിലുള്ളത്, രോഗങ്ങൾ,

ആരോഗ്യപാലന - വിദ്യാഭ്യാസ സേവനങ്ങളുടെ അഭാവം എന്നിവ തീവ്രമായി അനുഭവപ്പെടുന്ന രാജ്യങ്ങളിലെ വ്യക്തികളുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള സംഭാവന നല്കാനും പരിശ്രമിക്കുന്നു. ഇതും സഭയുടെ പ്രേഷിതപ്രവർത്തനത്തിൽ പെടുന്നു.

സഭ സുവിശേഷം പ്രഘോഷിക്കുമ്പോൾ മനുഷ്യജീവിതത്തെ അതിന്റെ പൂർണമായ അർത്ഥത്തിൽ ഗൗരവപൂർവം പരിഗണിക്കുന്നു. മനുഷ്യസമുദ്ധാരണം, നീതി, എല്ലാത്തരത്തിലുമുള്ള ഞെരുക്കത്തിൽ നിന്നുള്ള വിമോചനം, വ്യക്തമായും രാഷ്ട്രീയമണ്ഡലത്തിലെ സ്വാതന്ത്ര്യം എന്നീ വിഷയങ്ങൾ സുവിശേഷവത്കരണത്തിൽ അവഗണിക്കുകയെന്നത് അസ്വീകാര്യമാണെന്ന് ദൈവദാസനായ പോൾ ആറാമൻ മാർപാപ്പ ആവർത്തിച്ച് ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. മനുഷ്യവംശത്തിന്റെ ഭൗതികപ്രശ്നങ്ങളോടു നിസ്സംഗത പുലർത്തുകയെന്നത് "സഹിക്കുന്നവനും ആവശ്യത്തിൽ പെട്ടവനുമായ നമ്മുടെ അയൽക്കാരനോടുള്ള സ്നേഹത്തെ സംബന്ധിച്ച് സുവിശേഷത്തിൽ നിന്നു നമുക്കു ലഭിച്ച സന്ദേശത്തെ മറന്നുകളയലാണ്" ("എവാഞ്ചെലീ നൂൺസ്യാന്തി" നമ്പർ 31). അത് യേശുവിന്റെ പെരുമാറ്റത്തിനു ചേർന്നതല്ല. അവിടന്ന് "അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും ചുറ്റി സഞ്ചരിച്ചു" (മത്താ 9:35).

അങ്ങനെ, സഭയുടെ മിഷനിൽ സഹോത്തരവാദിത്വപരമായ ഭാഗഭാഗിത്വം വഴി ക്രൈസ്തവൻ ക്രിസ്തു നമുക്കു നല്കിയ സംസർഗത്തിന്റെയും സമാധാനത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും സ്രഷ്ടാവായിത്തീരുന്നു. മുഴുവൻ മനുഷ്യവംശത്തിനും വേണ്ടിയുള്ള ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ സാക്ഷാത്കാരത്തിൽ സഹകരിക്കുകയും ചെയ്യുന്നു. അതു നേരിടുന്ന വെല്ലുവിളികൾ ക്രൈസ്തവർ മറ്റുള്ളവരോടൊപ്പം നടക്കണമെന്നും മിഷൻ എന്നത് ഈ പാതയുടെ ഒരു മൗലിക ഘടകമായിരിക്കണമെന്നും വ്യക്തമാക്കുന്നു. അതിൽ നാം നമ്മുടെ ക്രൈസ്തവവിളിയെ, സുവിശേഷമെന്ന അമൂല്യനിധിയെ, കളിമൺപാത്രത്തിലാണെങ്കിലും വഹിക്കുന്നു. മരിച്ച് ഉത്ഥാനം ചെയ്ത, സഭയിൽ കണ്ടുമുട്ടപ്പെടുകയും വിശ്വസിക്കപ്പെടുകയും ചെയ്ത ക്രിസ്തുവിനെക്കുറിച്ചുള്ള സാക്ഷ്യം നാം നിർവഹിക്കുന്നു. എല്ലാവർക്കുമായി ക്രിസ്തുവിനെ വഹിച്ചുകൊണ്ട് മനുഷ്യവംശത്തെ കണ്ടുമുട്ടാൻ വേണ്ടി "പോകുന്നതിനുള്ള" ആഗ്രഹവും അതിലുള്ള സന്തോഷവും ഈ ലോകമിഷ്യൻ ഞായർ പുനരുജ്ജീവിപ്പിക്കട്ടെ. അവിടത്തെ നാമത്തിൽ എല്ലാവർക്കും, പ്രത്യേകിച്ച് സുവിശേഷത്തിനു വേണ്ടി കഠിനാധ്വാനം ചെയ്യുകയും സഹിക്കുകയും ചെയ്യുന്നവർക്ക്, ഞാൻ ഹൃദയപൂർവം അപ്പസ്തോലികാശീർവാദം നല്കുന്നു.

വത്തിക്കാനിൽ നിന്ന്, 6 ജനുവരി 2011
കർത്താവിന്റെ പ്രത്യക്ഷീകരണത്തിരുനാൾദിനം
ബെനഡിക്ട് 16-ാമൻ മാർപാപ്പ

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ചുബിഷപ്പ് – കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് ബാവായിൽ**
നിന്ന് നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപട്ടക്കാർക്കും
കോറെപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും
വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 2/2011

**സ്വയംഭൂവും സർവശക്തനും ആദ്യന്തമില്ലാത്തവനും**
**സാരാംശത്തിൽ സമത്വമുള്ളവനുമായ**
**ത്രീയേക ദൈവത്തിനു സ്തുതി.**

## 81-ാം പുനരൈക്യ വാർഷികവും
## കാതോലിക്കേറ്റ് സെന്ററിന്റെ കൂദാശയും

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ 2005-ൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തിയത് നമ്മെ ഏവരേയും സംബന്ധിച്ച് വലിയ സന്തോഷത്തിന്റെയും ചാരിതാർത്ഥ്യത്തിന്റെയും അഭിമാനത്തിന്റെയും അനുഭവമായിരുന്നല്ലോ. സിനിഡൽ ഘടനയിലേക്ക് വളർന്ന നമ്മുടെ ഭരണ സംവിധാനത്തിന്റെയും സഭയുടെ

പൊതുവായ ക്രമീകരണങ്ങളുടെയും ഒരാസ്ഥാന കാര്യാലയം നമുക്കാവശ്യമായിരുന്നു. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ പട്ടം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിലാണ് സഭയുടെ ആസ്ഥാന കാര്യാലയം പ്രവർത്തിച്ചു തുടങ്ങിയത്. 2005-ൽ തന്നെ ആസ്ഥാനകാര്യാലയത്തിനുള്ള ആലോചനകൾ ഭാഗ്യസ്മരണാർഹനായ സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവാ തിരുമേനി നടത്തുകയും കെട്ടിടത്തിന്റെ പ്ലാൻ അംഗീകരിക്കുകയും ചെയ്തിരുന്നു. പൗരസ്ത്യ തിരുസംഘത്തിന്റെ അന്നത്തെ അദ്ധ്യക്ഷൻ അത്യുന്നത പാത്രിയാക്കീസ്-കർദ്ദിനാൾ ഇഗ്നാത്യോസ് മൂസാ ദാവൂദ് തിരുമനസ്സുകൊണ്ട് 2005 മെയ് 15 ന് കാതോലിക്കേറ്റ് സെന്ററിന്റെ അടിസ്ഥാനശില ആശീർവദിക്കുകയുണ്ടായി. ഭാഗ്യസ്മരണാർഹനായ സിറിൽ മാർ ബസേലിയോസ് ബാവാ തിരുമേനി വലിയ നേതൃത്വവും കരുതലും ഈ വിഷയത്തിൽ പ്രകടമാക്കുകയുണ്ടായി. വന്ദ്യ ബാവാ തിരുമേനിയെ ഏറ്റവും കൃതജ്ഞതയോടെ സ്മരിക്കുന്നു.

2007-ൽ സഭയുടെ ചുമതല ഞാൻ ഏറ്റെടുത്തതിനുശേഷം ജൂലൈ 14 ന് മാർ ഈവാനിയോസ് തിരുമേനിയെ ദൈവദാസനായി പ്രഖ്യാപിച്ച ദിവസം കെട്ടിടത്തിന്റെ അടിസ്ഥാനശില പ്രതിഷ്ഠിക്കുകയുണ്ടായി. ഇപ്പോൾ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. കാതോലിക്കേറ്റ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ സാമ്പത്തികമായി നമ്മെ സഹായിച്ച എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു. പ്രത്യേകിച്ച് നമ്മുടെ വിവിധ ഭദ്രാസനങ്ങളെയും സന്യാസസമൂഹങ്ങളെയും കുടുംബങ്ങളെയുംവ്യക്തികളെയും ഉപകാരികളെയും ഹൃദയപൂർവം കൃതജ്ഞതയോടെ ഓർക്കുന്നു. അവർക്കെല്ലാം നന്ദിയർപ്പിക്കുന്നു.

പുനരൈക്യ പ്രസ്ഥാനത്തിന്റെ 81-ാം വാർഷികത്തിന്റെ ഭാഗമായി 2011 സെപ്റ്റംബർ 21-ാം തീയതി പുതിയ കാതോലിക്കേറ്റ് സെന്ററിന്റെ കൂദാശ നിർവഹിക്കപ്പെടുന്നതാണ്. അന്നേദിവസം രാവിലെ 8.30 ന് പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ആഘോഷമായ വിശുദ്ധ സമൂഹബലി, പൊതുസമ്മേളനം എന്നി ഇവയെ തുടർന്നാണ് കൂദാശ. സ്നേഹവിരുന്നോടുകൂടി ചടങ്ങുകൾ സമാപിക്കും. നമ്മുടെ സഭയുടെ ആസ്ഥാനകാര്യാലയമായ കാതോലിക്കേറ്റ് സെന്ററിന്റെ കൂദാശയിലും മറ്റു ചടങ്ങുകളിലും സംബന്ധിക്കുവാൻ നിങ്ങളേവരേയും ഞാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

81-ാം പുനരൈക്യ വാർഷിക ആഘോഷങ്ങൾ സെപ്റ്റംബർ 18, 19, 20 തീയതികളിൽ പട്ടം കത്തീഡ്രൽ ദൈവാലയാങ്കണത്തിൽ വച്ചു നടക്കുന്ന മലങ്കര കത്തോലിക്കാ കൺവൻഷനോടുകൂടി ആരംഭിച്ച് കാതോലിക്കേറ്റ് സെന്ററിന്റെ കൂദാശയോടുകൂടി സമാപിക്കുന്നതാണ്. സെപ്റ്റംബർ മാസം 21-ാം തീയതി ഉച്ച കഴിഞ്ഞ് മൂന്നു മണിയോടു കൂടി നമ്മുടെ സഭയുടെ പ്രഥമ അസംബ്ലി കാതോലിക്കേറ്റ് സെന്ററിൽ ആരംഭിക്കുന്നതും 23-ാം തീയതി ഉച്ച കഴിഞ്ഞ് നാലു മണിക്ക് അവ സാനിക്കുന്നതുമാണ്. നമ്മുടെ സഭയിലെ 180 പ്രതിനിധികളാണ് അസം ബ്ലിയിൽ പങ്കെടുക്കുന്നത്. അസംബ്ലിയെ തുടർന്ന് 23 ന് വൈകുന്നേരം തുടങ്ങുന്ന പരിശുദ്ധ സുന്നഹദോസ്, അസംബ്ലി നിർദേശങ്ങൾ പഠി ക്കുന്നതും 'സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാ സഭ' എന്ന വിഷയം പ്രായോഗികമായി ആവിഷ്ക്കരിക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതുമാണ്. നിങ്ങളേവരും നമ്മുടെ അസംബ്ലിയുടെ ദൈവിക നടത്തിപ്പിനായി പ്രത്യേകം പ്രാർത്ഥിക്കണ മെന്ന് ഓർമപ്പെടുത്തുന്നു. നമ്മുടെ സഭ മുഴുവൻ കൂടുതൽ മിഷൻ ചൈതന്യത്തോടുകൂടി പ്രവർത്തിക്കേണ്ടതും സാക്ഷ്യം നല്കേണ്ടതു മായ സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്. "ഞാൻ സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ അതിൽ എനിക്ക് അഹംഭാവത്തിന് വകയില്ല. അത് എന്റെ കടമയാണ്. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെ ങ്കിൽ എനിക്കു ദുരിതം!" (1 കോറി. 9:16) എന്ന പൗലോസ് അപ്പ സ്തോലന്റെ വാക്കുകൾ നമുക്ക് ഹൃദയത്തിൽ സ്വാംശീകരിച്ച് പ്രവർത്തി ക്കാം.

ദൈവം നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയ ത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റെയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും, സകല വിശുദ്ധരുടെയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ. *എന്ന്,*

*കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി*

+Baselios Cleemis

✠ **മോറാൻ മോർ ബസേലിയോസ് ക്ലീമീസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ചുബിഷപ്പ് - കാതോലിക്കാ ബാവാ

30.08.2011
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

# THE SYRO-MALANKARA CATHOLIC CHURCH
## EPARCHY OF PATHANAMTHITTA

**Most Rev. Yoohanon Mar Chrysostom**
Bishop of Pathanamthitta

Catholic Bishop's House
Pathanamthitta-689 645
Ph: 0468-2223100, 2223200

**സർക്കുലർ**

CL. 2/2011

**ദൈവതിരുനാമത്തിന് മഹത്വമുണ്ടാകട്ടെ!**

വാത്സല്യമുള്ളവരേ,

മലങ്കര സുറിയാനി കത്തോലിക്കാസഭ ഇദംപ്രദമായി സഭാ അസംബ്ലിക്കായി ഒരുങ്ങുന്ന ഈ സമയത്ത് സഭാ അസംബ്ലിക്ക് മുന്നോടിയായി ഭദ്രാസനതല അസംബ്ലികൾ നടത്തപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ ഭദ്രാസനത്തിൽ ജൂൺ 16, 17, 18 തീയതികളിൽ നടന്ന അസംബ്ലി അഭിനവ പെന്തക്കുസ്ത എന്ന് വിശേഷിപ്പിക്കത്തക്കവിധം ആത്മനിറവും നവചൈതന്യവും ഉള്ളതായിരുന്നുവെന്ന് അറിയിക്കുവാൻ എനിക്ക് സന്തോഷമുണ്ട്. ഇടവക, സംഘടന, വൈദിക ജില്ല തുടങ്ങി വിവിധ മേഖലകളിൽ ഒരുക്കങ്ങൾ നടത്തി ഏറെ ശ്രദ്ധയോടും താത്പര്യത്തോടും കൂടെ "അനുഭവത്തിൽ നിന്ന് സാക്ഷ്യത്തിലേക്ക്" സഭയെ കൂടുതൽ ശക്തിപ്പെടുത്താൻ നമ്മുടെ സഭാമക്കൾ അസംബ്ലിയിലൂടെ ശ്രമിച്ചു എന്നു കാണുമ്പോൾ അതിയായ സന്തോഷമുണ്ട്.

അസംബ്ലിക്കുവേണ്ട ക്രമീകരണങ്ങൾക്ക് മേൽനോട്ടം വഹിച്ച വികാരി ജനറൽമാർ, മൈലപ്രാ തിരുഹൃദയ ഇടവക വികാരി, കമ്മിറ്റിഅംഗങ്ങൾ, ഇടവകാഗങ്ങൾ, മൗണ്ട് ബഥനി സ്കൂൾ മാനേജ്മെന്റ്, സ്റ്റാഫ്, വോളന്റേഴ്സ് ആയി പ്രവർത്തിച്ച എം.സി.വൈ.എം അംഗങ്ങൾ എന്നിവരേയും അസംബ്ലിയിൽ സംബന്ധിച്ച 160 അംഗങ്ങളേയും ഞാൻ നന്ദിയോടെ ഓർക്കുന്നു. അഭിവന്ദ്യ ജോസഫ് മാർ തോമസ്, വിൻസന്റ് മാർ പൗലോസ് എന്നീ തിരുമേനിമാരുടെ സാന്നിധ്യവും പ്രഭാഷണവും കൂടുതൽ അനുഗ്രഹകരമായിരുന്നു.

അസംബ്ലിയിൽ അംഗങ്ങൾ 11 ഗ്രൂപ്പുകളായി തിരിഞ്ഞ് ക്രിയാത്മകമായി ചർച്ചകൾ നടത്തി. നൽകപ്പെട്ട ചോദ്യങ്ങളും അനുബന്ധ വിഷയങ്ങളും ചർച്ച ചെയ്ത് നയരൂപീകരണം നടത്തി. അവയുടെ വിശദമായ വിവരങ്ങൾ പുറകാലെ ഇടവകകൾക്ക് അയച്ചുതരുന്നതാണ്.

അസംബ്ലിയുടെ പശ്ചാത്തലത്തിൽ നമ്മുടെ പത്തനംതിട്ട ഭദ്രാസനം അടിയന്തരമായി നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നു.

1. സഭയുടെ സുവിശേഷ പ്രഘോഷണദൗത്യം കൂടുതൽ സജീവമാകുവാനും ഭദ്രാസനത്തിലെ ഇടവകകളിൽ പെരുനാൾ, കൺവൻഷനുകൾ, നവീകരണധ്യാനം, ഭക്തസംഘടനകൾക്കുള്ള സെമിനാറുകൾ, മുതലായവയ്ക്ക് നേതൃത്വം നൽകുവാനും ഭദ്രാസന സുവിശേഷ സംഘം രൂപീകരിക്കുവാൻ തിരുമാനിക്കുകയും അതിന്റെ ചുമതല ഫാ. ജെയിംസ് ഇലഞ്ഞിക്കലിനെ ഏൽപ്പിക്കുകയും ചെയ്തു.
2. നമ്മുടെ ഓരോ ഇടവകയും വർഷത്തിൽ ഒരു കുടുംബത്തെ

എങ്കിലും കത്തോലിക്കാ കൂട്ടായ്മയിലേക്ക് കൊണ്ടുവരുവാൻ പരിശ്രമിക്കണം. ഇത്തരത്തിൽ ചേർക്കപ്പെടുന്ന കുടുംബങ്ങളേയും നേതൃത്വം കൊടുക്കുന്ന ഇടവകയേയും പ്രത്യേകം അംഗീകാരം നൽകി ആദരിക്കുന്നതാണ്.

3. കാനോനിക പരിഹാരങ്ങൾ സാധ്യമായ വിവാഹ മുടക്കുകൾ ഭദ്രാസന കച്ചേരിയിൽ സ്വീകരിച്ച് വേണ്ട നടപടികൾ ത്വരിതപ്പെടുത്തുവാൻ ചാൻസലർ അച്ചന് നിർദേശം നൽകിയിട്ടുണ്ട്. ഇതുവഴിയായി ഇത്തരം ബുദ്ധിമുട്ടുകൾ മൂലം കൗദാശിക ജീവിതത്തിൽ നിന്ന് വേർപ്പെട്ടു നിൽക്കുന്നവർക്ക് കൂദാശാ സ്വീകരണം സാധ്യമാകുന്നതാണ്.

4. നമ്മുടെ കുടുംബങ്ങളിൽ കുട്ടികളുടെ എണ്ണം ആശങ്കാജനകമാം വിധം കുറഞ്ഞുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ, സാമ്പത്തീകബാധ്യതയാണ് ഇതിന് കാരണമെങ്കിൽ അത് പരിഹരിക്കുവാൻ നാലാമതായി ജനിക്കുന്ന കുട്ടിയുടെ 12-ാം ക്ലാസ്സ് വരെയുള്ള പഠനച്ചെലവ് ഭദ്രാസനം വഹിക്കുന്നതായിരിക്കും.

5. സാമ്പത്തിക പരാധീനതയുള്ള 10 മിഷനുകൾ ഏറ്റെടുക്കുക: ആയതിന് തുടക്കം കുറിച്ച് 3 മിഷനുകൾ ഏറ്റെടുത്തു. പത്തനംതിട്ട കത്തീഡ്രൽ, കടമ്മനിട്ട, ഇലന്തൂർ എന്നീ ഇടവകകളാണ് 3 മിഷനുകൾ ഏറ്റെടുത്തത്. ഈ ഇടവകകളെ പ്രത്യേകം അനുമോദിക്കുന്നു.

6. ഭദ്രാസനത്തിലെ എയിഡഡ് മേഖലയിലെ പ്രൈമറി സ്കൂൾ വിഭാഗത്തിലെ അർഹരായ മുഴുവൻ കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകുവാൻ തിരുമാനിച്ചു.

7. പ്രഭഷണൽ വിദ്യാഭ്യാസരംഗത്ത് 10 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുവാൻ തീരുമാനിക്കുകയും 4 വൈദിക ജില്ലകളിൽ നിന്നും സബ് ജില്ലയിൽ നിന്നും കുട്ടികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

8. നാല് വൈദിക ജില്ലകളിലും ഓരോ ആദ്ധ്യാത്മിക കേന്ദ്രങ്ങൾ തുടങ്ങുന്നതാണ്. ഇതുവഴി ധ്യാനം, പ്രാർത്ഥന, കൗൺസിലിംഗ്, തുടങ്ങിയവയ്ക്കുള്ള സൗകര്യങ്ങൾ ലഭിക്കുന്നതാണ്.

9. വിശ്വാസപരിശീലന പരിപാലനരംഗം കൂടുതൽ കാര്യക്ഷമമാക്കുവാൻ മതാദ്ധ്യാപകർക്കുവേണ്ടി പ്രത്യേകം പരിശീലനകേന്ദ്രം സ്ഥാപിക്കുന്നതാണ്.

10. പച്ചക്കറികൃഷിയുടെ പ്രോത്സാഹനത്തിന് സവിശേഷശ്രദ്ധനൽകുന്നതിനുവേണ്ടി 100 കർഷകകൂട്ടായ്മകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി നമ്മുടെ ഭദ്രാസനത്തിലെ എല്ലാ കുടുംബങ്ങളിലും അടുക്കളത്തോട്ടം എന്ന പദ്ധതി ഇടവകകളുടെ നേതൃത്വത്തിൽ പ്രാവർത്തികമാക്കണം എന്ന് ഓർമിപ്പിക്കുന്നു.

11. വിവാഹത്തിന് മുമ്പുള്ള പ്രീ-മാരിറ്റൽ കൗൺസിലിംഗ് എന്നതുപോലെ ദമ്പതികൾക്ക് പോസ്റ്റ്-മാരിറ്റൽ കൗൺസിലിംഗ് കോഴ്സ് നടത്തുവാൻ തിരുമാനിച്ചിരിക്കുന്നു. നമ്മുടെ ഭദ്രാസനത്തിൽ നടത്തപ്പെടുന്ന വിവാഹങ്ങൾക്ക് വിവാഹ ഒരുക്കസെമിനാറിൽ സംബന്ധിച്ച സർട്ടിഫിക്കറ്റ് നിർബന്ധമാണ്. ഇതിന് ഇളവ് നൽകാൻ ഭദ്രാസനാദ്ധ്യക്ഷന് മാത്രമേ അധികാരമുള്ളൂ.

12. പാവപ്പെട്ട കുടുംബങ്ങളുടെ ആരോഗ്യഇൻഷുറൻസ് ഇടവകകളുടെ നേതൃത്വത്തിൽ നടത്തണം. ഇത് സംബന്ധമായ സഹായസഹകരണങ്ങൾക്ക് നമ്മുടെ സാമൂഹ്യക്ഷേമ വിഭാഗമായ "അനുഗ്രഹ"യുമായി ബന്ധപ്പെടാവുന്നതാണ്

13. വൃദ്ധരുടെ സംരക്ഷണത്തിന് ഒരു പാലിയേറ്റീവ് കെയർ സെന്റർ കോന്നി പ്രദേശത്ത് ആരംഭിക്കുന്നതാണ്.

14. മിഷൻ ആദ്ധ്യാത്മികതയ്ക്ക് ഊന്നൽ നൽകുന്ന ഓറിയന്റേഷൻ കോഴ്സ് വിവിധ സ്ഥലങ്ങളിൽ ഏർപ്പെടുത്തും.

15. റാന്നി- പെരുനാട്ടിൽ മാർ ഈവാനിയോസ് പിതാവിന്റെ സഭൈക്യ ദർശനം വ്യക്തമാക്കുന്ന ഒരു ആദ്ധ്യാത്മിക സെന്റർ (ഈവാനിയൻ സെന്റർ) തുടങ്ങും.

16. മദ്യം, മയക്കുമരുന്ന്, ലൈഗിംക അരാജകത്വം എന്നിവയ്ക്കെതിരെ ശക്തമായ ബോധവൽക്കരണവും യൂത്ത്, റ്റീനേജ് ഓറിയന്റേഷൻ സെന്ററുകളും ആരംഭിക്കും.

17. ഉന്നത വിദ്യഭ്യാസരംഗം, കലാ-സാംസ്കാരികരംഗം എന്നിവയ്ക്ക് പ്രത്യേക ശ്രദ്ധ നൽകി വേണ്ട ക്രമീകരണങ്ങൾ ചെയ്യും.

18. കുടിയേറ്റക്കാരായും അല്ലാത്തവരായും മറ്റു രാജ്യങ്ങളിലേക്ക് പോകുന്നവരെ സഹായിക്കുവാൻ മൈഗ്രേഷൻ സെൽ രൂപീകരിക്കും.

19. സിവിൽ സർവീസ് പരീക്ഷയ്ക്ക് സഭാമക്കളെ സജ്ജരാക്കുന്ന പരിപാടികൾക്ക് രൂപം നൽകും.

ഇവയെല്ലാം അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ പരിശ്രമിക്കും. ഇവയുടെ പൂർത്തീകരണം വിലയിരുത്തുവാൻ 11 അംഗ സമിതിയെയും അസംബ്ലി തിരഞ്ഞെടുത്തു.

ഈ നിർദേശങ്ങളോട് ചേർന്ന് അസംബ്ലിയിൽ ഗ്രൂപ്പിന്റേയും സംഘടനകളുടെയും, പ്രതിനിധികളും ഇടവകകളുടെ പ്രതിനിധികളും സമർപ്പിച്ച ആശയങ്ങളും പരിഗണിക്കുന്നുണ്ട്. ഈ വിഷയങ്ങൾ സഭാമക്കളുടെ പ്രർത്ഥനയ്ക്ക് നിയോഗമായി ഞാൻ സമർപ്പിക്കുന്നു. നമ്മുടെ ഭദ്രാസനത്തിലൂടെ ഈ പ്രദേശത്ത് ധാരാളം നന്മയും ഉയർച്ചയും കരഗതമാകട്ടെ.

സ്വർഗാരോപിതയായ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം നമുക്ക് കോട്ടയായിരിക്കട്ടെ.

നിങ്ങളുടെ വത്സല പിതാവ്

**+യൂഹാനോൻ മാർ ക്രിസോസ്റ്റം**
**പത്തനംതിട്ട മെത്രാപ്പോലീത്താ**

# ജസ്റ്റീസ് സൺഡേ – 2011

## (ആഗസ്റ്റ് – 21)

വന്ദ്യ വൈദികരേ, പ്രിയസന്ന്യസ്തരേ, കർത്താവിൽ പ്രിയസഹോദരീ സഹോദരന്മാരേ,

ഭാരതസഭ ഈ വർഷം ആഗസ്റ്റ് 21-ാം തീയതി നീതി ഞായറായി (ജസ്റ്റിസ് സൺഡേ) ആചരിക്കുകയാണ്. മതത്തിന്റെ പേരിൽ തുല്യാവകാശവും നീതിയും നിഷേധിക്കപ്പെട്ട ഭാരതത്തിലെ ദലിത് ക്രൈസ്തവർ നീതിക്കുവേണ്ടി പോരാടുന്ന സാഹചര്യത്തിലാണ് വീണ്ടും ഒരു നീതി ഞായർ കടന്നുവരുന്നത്. ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 64 വർഷം തികയുകയാണ്. സ്വതന്ത്രഭാരതത്തിൽ നീതി കിട്ടാത്ത ഒരു ജനവിഭാഗം ദലിത് ക്രൈസ്തവരല്ലാതെ മറ്റൊന്നുണ്ടാവില്ലെന്ന് കഴിഞ്ഞ 64 വർഷങ്ങളായി നാം മനസ്സിലാക്കുന്നു. ജാതിയുടെയോ മതത്തിന്റെയോ പ്രദേശത്തിന്റെയോ പേരിൽ ഒരു പൗരനും വിവേചനം പാടില്ലെന്ന് ഇൻഡ്യൻ ഭരണഘടന അനുശാസിക്കുന്നു. ഏതു പൗരനും ഇഷ്ടമുള്ള മതം സ്വീകരിക്കുന്നതിനും വിശ്വസിക്കുന്നതിനും മതാനുഷ്ഠാനമനുസരിച്ച് ജീവിക്കുന്നതിനും വിശ്വാസം പ്രഖ്യാപിക്കുന്നതിനും ഭരണഘടന അവകാശം നല്കുന്നു (Article 3:25 (1)). മതം മാറുന്നതുകൊണ്ട് വ്യക്തിയുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ രാഷ്ട്രീയ സ്ഥിതിയിൽ മാറ്റം സംഭവിക്കണമെന്നില്ല. ഇത്തരം സാഹചര്യം നിലനില്ക്കേ ദലിത് ക്രൈസ്തവർ "ക്രിസ്തുമതം സ്വീകരിച്ചു" എന്ന ഒറ്റക്കാരണത്താൽ ഒരു ഇന്ത്യൻ പൗരന് ഭരണഘടനാപരമായി ന്യായമായി ലഭിക്കേണ്ട അവകാശങ്ങൾ നിഷേധിക്കുന്നത് കടുത്ത അനീതിയാണ്. മാത്രമല്ല, ഇത് ഭരണഘടനാ ലംഘനവും മനുഷ്യാവകാശ ലംഘനവുമാണ്. ഈ നീതി നിഷേധത്തിനെതിരേ ദലിത് ക്രൈസ്തവർ കഴിഞ്ഞ 64 വർഷമായി നിരന്തര പോരാട്ടത്തിലാണ്.

നീതി നിഷേധിക്കപ്പെട്ട ദലിത്, ആദിവാസി, പിന്നാക്ക, ന്യൂനപക്ഷ വിഭാഗങ്ങളുടെ വിമോചനത്തിനായി പ്രവർത്തിച്ചതിന്റെ പേരിൽ നിരവധി വൈദികരും സന്യാസിനികളും അല്മായരും അതിദാരുണമായി പീഡിപ്പിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്ത നിരവധി സംഭവങ്ങൾ ഈ അവസരത്തിൽ നാം ഓർക്കേണ്ടതാണ്. നടത്തുന്ന നിരാലംബരായ ദലിത് ക്രൈസ്തവരുടെ നീതിക്കുവേണ്ടി പോരാട്ടത്തെ കേന്ദ്ര ഭരണകൂടത്തിലും സംസ്ഥാന നിയമസഭകളിലും മാറിമാറി വന്നിട്ടുള്ള അധികാരികൾ കണ്ടില്ലെന്നു നടിക്കുകയാണ്. കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിലും ഇക്കഴിഞ്ഞ കേരളാ നിയമസഭ തിരഞ്ഞെടുപ്പിലും ദലിത് ക്രൈസ്തവരെ സ്ഥാനാർത്ഥികളാക്കുന്നതിൽ ഇടതുപക്ഷവും വലതുപക്ഷവും ഒട്ടും തന്നെ താത്പര്യം കാണിച്ചില്ല എന്നത് വേദനിപ്പിക്കുന്ന യാഥാർത്ഥ്യമാണ്.

2004-ൽ ഫ്രാങ്കിളിൻ സീസർ സുപ്രീം കോടതിയിലെത്തിച്ച കേസിൽ പതിനായിരത്തിലധികം പേജുകൾ വരുന്ന തെളിവുകൾവഴി ദലിത് ക്രൈസ്തവർ സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥയിലാണെന്ന് സമർത്ഥിച്ചു. പട്ടികജാതിക്കാരുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച ഉത്തരവിന്റെ മൂന്നാം ഖണ്ഡികയുടെ ഭരണഘടനാപരമായ സാധുത ചോദ്യം ചെയ്യപ്പെട്ടു. ദലിത് ക്രൈസ്തവർക്ക് ആനുകൂല്യം നിഷേധിക്കുന്നത് നിയമപരമായി ശരിയാണോയെന്ന് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി നിയമിക്കപ്പെട്ട ജസ്റ്റിസ് രംഗനാഥമിശ്ര കമ്മീഷൻ പട്ടികജാതി സംവരണത്തിന് മതവിശ്വാസം തടസ്സമാകാൻ പാടില്ലെന്ന് ശുപാർശ ചെയ്തു. പക്ഷേ ഇത് നടപ്പിലാക്കാനുള്ള ഇച്ഛാശക്തി സർക്കാരിന് ഇല്ലാതെ പോയി. ദലിത് ക്രൈസ്തവരുടെ സംവരണപ്രശ്നം ആനുകൂല്യങ്ങൾക്കുവേണ്ടി മാത്രമുള്ളതല്ല, മറിച്ച് ഒരു ഇന്ത്യൻ പൗരന് ലഭിക്കേണ്ട ന്യായമായ അവകാശങ്ങൾ നേടിയെടുക്കാൻ വേണ്ടിയുള്ളതുമാണ്.

1956-ൽ സിക്കുമത വിശ്വാസികളായ ദലിതരെയും 1990-ൽ ബുദ്ധമത വിശ്വാസികളായ ദലിതരെയും ഭരണഘടനാ ഭേദഗതിയിലൂടെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തി. ക്രിസ്തുമത വിശ്വാസികളായ ദലിതരെ ഇനിയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താൻ സർക്കാർ കാണിക്കുന്ന വിമുഖത നീതിബോധമുള്ളവർക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ട്. ദലിത് ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി സുപ്രീം കോടതിയിൽ നിലവിലുള്ള കേസ്സ് സർക്കാർ വരുത്തുന്ന കാലതാമസത്തിലൂടെ അനന്തമായി നീട്ടിക്കൊണ്ടുപോകുകയും കൃത്യതയില്ലാത്ത തീരുമാനങ്ങൾ അറിയിച്ച് കോടതിയെപ്പോലും കബളിപ്പിക്കുകയും ചെയ്യുകയാണ്. കഴിഞ്ഞ വർഷങ്ങളിലെല്ലാം പാർലമെന്റിനു മുന്നിൽ റിലേ ഉപവാസ സമരങ്ങൾ നടത്തിയും നിവേദനം കൊടുത്തും ദലിത് ക്രൈസ്തവ സംവരണം നാം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ഇത്രയൊക്കെയായിട്ടും സർക്കാരിന്റെ ഭാഗത്തുനിന്ന് അനുകൂലമായ പ്രതികരണമുണ്ടായിട്ടില്ലെന്നത് അതീവ ഗൗരവത്തോടെ കാണണം.

ദലിത് ക്രൈസ്തവരോടും നീതി നിഷേധിക്കപ്പെട്ട എല്ലാ വിഭാഗങ്ങളോടുമുള്ള ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിനാണ് ജസ്റ്റിസ് സൺഡേ (നീതി ഞായർ) നാം ആചരിക്കുന്നത്. 1986-ൽ ഗോവയിൽ കൂടിയ ഭാരത മെത്രാൻ സമിതിയാണ് ഈ തീരുമാനമെടുത്തത്. ഈ വർഷം ജസ്റ്റിസ് സൺഡേയുടെ രജതജൂബിലി വർഷവുമാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ നടത്തപ്പെടുന്ന ആഘോഷങ്ങളെക്കുറിച്ചും കലാസാഹിത്യമത്സരങ്ങളെക്കുറിച്ചും ഒരോ രൂപതയിലെയും ഡയറക്ടർ നിങ്ങളെ യഥാസമയം അറിയിക്കുന്നതായിരിക്കും. ദലിത് ക്രൈസ്തവ സഹോദരങ്ങളുടെ സർവതോന്മുഖമായ പുരോഗതിക്കായി കേരളത്തിലെ കത്തോലിക്കാ മെത്രാൻ സമിതിയുടെ അംഗീകാരത്തോടെയുള്ള ദലിത്

കത്തോലിക്കാ മഹാസഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഏവരും സഹകരിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. വിജയപുരം രൂപതയുടെ നാഗമ്പടത്തുള്ള (കോട്ടയം റെയിൽവേ സ്റ്റേഷന് എതിർവശം) കെട്ടിടം ഡി.സി.എം.എസ്. സംസ്ഥാന കമ്മിറ്റിയുടെ ഓഫീസായി 2011 മെയ് 10-ാം തീയതി മുതൽ പ്രവർത്തനം ആരംഭിച്ച കാര്യം ഏവരെയും അറിയിക്കാൻ സന്തോഷമുണ്ട്. ഇതിനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുതന്ന അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കത്തച്ചേരിൽ പിതാവിനു ഹൃദയപൂർവം നന്ദി. നല്ല സമരിയാക്കാരന്റെ മാതൃക സ്വീകരിച്ചുകൊണ്ട് ക്രൈസ്തവ സ്നേഹത്തോടെ ഏവരും ദലിത് ക്രൈസ്തവരുടെ നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ പങ്കുചേരാൻ ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. ദലിത് ക്രൈസ്തവരോടു പക്ഷംചേരുന്നതിലൂടെ നാം ചെയ്യുന്ന ഏതു പ്രവൃത്തിയും മാനുഷികാന്തസ്സ് പുനഃസ്ഥാപിക്കുന്നതിനുള്ള പ്രയത്നങ്ങളായി വേണം കണക്കാക്കാൻ. "ഞാൻ വന്നിരിക്കുന്നത് ജീവൻ നല്കുവാനും അത് സമൃദ്ധമായി നൽകുവാനുമാണ്" (യോഹ 10,10). യേശുനാഥന്റെ ഈ വാക്കുകൾ ജസ്റ്റിസ് സൺഡേ ദിനത്തിൽ നമുക്കേവർക്കും അനുഗ്രഹവും പ്രത്യാശയും നല്കട്ടെ.

ജസ്റ്റിസ് സൺഡേ ദിനമായി ആചരിക്കുന്ന ആഗസ്റ്റ് 21-ാം തീയതി വിശുദ്ധ കുർബാന മദ്ധ്യേ നല്കുന്ന സംഭാവന ഉദാരപൂർവമായിരിക്കാൻ ശ്രദ്ധിക്കുമല്ലോ. ഇപ്രകാരം സ്വരൂപിക്കുന്ന തുക നമ്മുടെ ദലിത് സഹോദരങ്ങളുടെ സമഗ്രമായ ഉന്നമനത്തിനുവേണ്ടി മാത്രമാണ് വിനിയോഗിക്കപ്പെടുന്നത്. അതിലൂടെ ഇപ്പോൾ പലതരത്തിലും പിന്നാക്കം നില്ക്കുന്ന ദലിത് ക്രൈസ്തവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കെത്തിക്കാൻ പരിശ്രമിക്കാം.

നീതിക്കുവേണ്ടിയുള്ള നമ്മുടെ പ്രവർത്തനങ്ങളെ കാരുണ്യവാനായ ദൈവം സർവവിധ നന്മകളും നല്കി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെല്ലാവരെയും ആശീർവദിക്കുന്നു.

**ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
ചെയർമാൻ, കെ.സി.ബി.സി SC/ST/BC കമ്മീഷൻ

**ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്,**
**ബിഷപ്പ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
വൈസ് ചെയർമെൻ, കെ.സി.ബി.സി SC/ST/BC കമ്മീഷൻ

# വാർത്തകൾ

## പുനരൈക്യവാർഷികം

മലങ്കര കത്തോലിക്കാസഭയുടെ 81-ാം പുനരൈക്യ വാർഷിക ആഘോഷങ്ങൾ 2011 സെപ്റ്റംബർ 18, 19, 20 തീയതികളിൽ പട്ടം കത്തീഡ്രൽ ദൈവാലയാങ്കണത്തിൽ വച്ചു നടക്കുന്ന മലങ്കര കത്തോലിക്കാ കൺവൻഷനോടുകൂടി ആരംഭിച്ച് 21-ാം തീയതി പുതിയ കാതോലിക്കേറ്റ് സെന്ററിന്റെ കൂദാശയോടുകൂടി സമാപിക്കുന്നതാണ്. അന്നേദിവസം രാവിലെ 8.30 ന് പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ആഘോഷമായ വിശുദ്ധ സമൂഹബലി, പൊതു സമ്മേളനം എന്നിവയെ തുടർന്നാണ് കാതോലിക്കേറ്റ് സെന്ററിന്റെ കൂദാശ.

## പ്രഥമ മലങ്കര കത്തോലിക്കാ സഭാഅസംബ്ലി

മലങ്കര കത്തോലിക്കാസഭയുടെ പ്രഥമ അസംബ്ലി പുനരൈക്യ വാർഷികാഘോഷങ്ങളോട് ചേർന്ന് സെപ്തംബർ 21,22,23 തീയതികളിൽ നടത്തപ്പെടുന്നു.

മലങ്കര കത്തോലിക്കാ സഭാ അസംബ്ലിയിൽ പത്തനംതിട്ട രൂപതാ പ്രതിനിധികളായി പങ്കെടുക്കുന്നവരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റൈറ്റ് റവ. മോൺ. ജോസ് ചാമക്കാലായിൽ(പ്രോട്ടോ സിഞ്ചലൂസ്)

വെരി റവ. ഗീവർഗീസ് ചേടിയത്ത് (സെക്രട്ടറി, പ്രെസ്ബിറ്ററൽ കൗൺസിൽ)

ശ്രീ. ലിജു കളിയന്താനത്ത് (സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ)

വെരി റവ. ഫാ. ജോൺസൺ പാറയ്ക്കൽ (ജില്ലാ വികാരിമാരുടെ പ്രതിനിധി)

**വൈദിക പ്രതിനിധികൾ**

1. വെരി റവ. ഫാ. വർഗീസ് കൈതോൺ
2. റവ. ഫാ. ജോസഫ് ഒലിക്കൽ

**അൽമായ പ്രതിനിധികൾ**

1. ശ്രീ. ഇ.എം. ഗീവർഗീസ്
2. ശ്രീ. തോമസ് തുണ്ടിയത്ത്
3. ശ്രീമതി. ഷീജ എബ്രഹാം

## അഭിനന്ദനങ്ങൾ

മലങ്കര കത്തോലിക്കാസഭയുടെ പ്രഥമ അസംബ്ലിയോട് അനുബന്ധിച്ച് നടത്തപ്പെട്ട ഉപന്യാസ മത്സരത്തിൽ സമ്മാനാർഹരായ പീറ്റർ സി. എബ്രഹാം, മൈലപ്ര (1st, Category: E, Laity), ബ്ര.ദാനിയേൽ കൊഴുവക്കാട്ട്,ചിറ്റാർ (1st, Category-C- Seminarians), ബ്ര. മനു വർഗീസ് പുത്തൻവീട്ടിൽ. ചിറ്റാർ (2nd, Category-C- Seminarians) **എന്നിവർക്ക്** പത്തനംതിട്ട രൂപതയുടെ അഭിനന്ദനങ്ങൾ.

**വാർഷികധ്യാനം**

**പത്തനംതിട്ട ഭദ്രാസനത്തിലെ ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനം 2011 ഒക്ടോബർ 31, നവംബർ 1,2,3,4 തീയതികളിൽ തിരുവല്ല ശാന്തിനിലയത്തിൽ വച്ച് നടത്തപ്പെടുന്നു.**

## ഭദ്രാസന ട്രൈബൂണൽ

പത്തനംതിട്ട രൂപതയുടെ എപ്പാർക്കിയൽ ട്രൈബൂണിലിലേക്ക് താഴെപറയുന്നവരെ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ നിയമിച്ചു.

| | | |
|---|---|---|
| ജുഡീഷ്യൽ വികാർ | : | റവ. ഫാ. ജോർജ് തോമസ് കൊച്ചുവിളയിൽ |
| എപ്പാർക്കിയൽ ജഡ്ജസ് | : | റവ. ഫാ. ജോസഫ് വെൺമാനത്ത് |
| | : | റവ. സി. അനില ക്രിസ്റ്റി DM |
| ഡിഫൻഡർ ഓഫ് ബോണ്ട് | : | റൈറ്റ് റവ. തൈക്കൂട്ടത്തിൽ സാമുവൽ റമ്പാൻ |
| പ്രമോട്ടർ ഓഫ് ജസ്റ്റിസ് | : | റവ. ഫാ. ഗീവർഗീസ് ചേടിയത്ത് |
| നോട്ടറീസ് | : | റവ. ഫാ. ജോർജ് വർഗീസ് പുതുപ്പറമ്പിൽ |
| | : | റവ. സി. ഹൃദ്യ SIC |
| | : | റവ. സി. റാണി സ്റ്റീഫൻ DM |

ജൂൺ 30 ന് ട്രൈബൂണൽ അംഗങ്ങൾ അഭിവന്ദ്യ പിതാവിന്റെ മുമ്പാകെ അരമന ചാപ്പലിൽ വച്ച് സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. തുടർന്ന് നടന്ന മീറ്റിംഗിൽ ട്രൈബൂണൽ സംബന്ധമായ വിവിധ വിഷയങ്ങളെ കുറിച്ച് ആശയവിനിമയം നടത്തി.

## Eparchial Marriage Tribunal News

| Prot.No | Petitioner/Respondeut | Decision | Date |
|---|---|---|---|
| ETPTA 01/11 | K.G Antony/ Annie Thomas | Affirmative | 03.09.2011 |
| ETPTA02/11 | Suni/Jobimon | Affirmative | 03.09.2011 |
| ETPTA09/11 | Rosamma/K.M.Chacko | Affirmative | 08.08.2011 |
| ETPTA 10/11 | Gincy/Manoj K.john | Affirmative | 13.08.2011 |

### മേജർ ആർച്ച് ബിഷപ്പിന് സ്വീകരണം

സീറോ മലബാർ സഭയുടെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ ജോർജ് ആലഞ്ചേരി പിതാവിന് സെപ്റ്റംബർ 4-ാം തീയതി പത്തനനംതിട്ട ഭദ്രാസന കേന്ദ്രത്തിൽ വച്ച് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകി. രൂപതയിലെ ബഹുമാനപ്പെട്ട വൈദികരുടെ സാന്നിധ്യത്തിലാണ് സ്വീകരണം നൽകിയത്.

### വൈദികപട്ടവും പ്രഥമദിവ്യബലി അർപ്പണവും

പത്തനംതിട്ട ഭദ്രാസനത്തിനുവേണ്ടി ഡീക്കൻ ബിനോയി മാത്യു കടമ്മനിട്ട മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് ഒക്ടോബർ 1 ന് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായിൽ നിന്ന് വൈദികപട്ടം സ്വീകരിക്കുകയും ഒക്ടോബർ രണ്ടാം തീയതി പ്രഥമ ദിവ്യവ്യബലി അർപ്പിക്കുകയും ചെയ്യുന്നു.

### കാരുണ്യഭവന്റെ പുതിയ ബ്ലോക്ക് കൂദാശ ചെയ്തു.

മാനസിക വൈകല്യമുള്ളവരെ സംരക്ഷിക്കുവാനായി ളാക്കൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന കാരുണ്യഭവനോട് ചേർന്ന് നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ കൂദാശ ജൂലൈ 7 ന് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലിത്ത നിർവഹിച്ചു.

### മൈനർ സെമിനരിദിനം

പത്തനംതിട്ട സെന്റ് തോമസ് മൈനർ സെമിനരി അതിന്റെ സ്വർഗീയ മദ്ധ്യസ്ഥന്റെ തിരുനാൾ സെമിനരി ദിനമായി ആചരിച്ചു. ജൂലൈ 3 ന് രാവിലെ 8 ന് അഭിവന്ദ്യ ക്രിസോസ്റ്റം പിതാവിന്റെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ ബലിയോടുകൂടി തിരുനാൾ ആഘോഷങ്ങൾ ആരംഭിച്ചു.

### ഓഡിറ്റോറിയത്തിനു കല്ലിട്ടു

ഓമല്ലൂർ ആര്യഭാരതി സ്കൂളിനോട് ചേർന്ന് പുതുതായി നിർമിക്കുന്ന പി.പി. വർഗീസ് മെമ്മോറിയൽ ഓഡിറ്റോറിയത്തിന് ജൂലൈ 16 ന് തറക്കല്ലിട്ട് പണി ആരംഭിച്ചു.

## വിശ്വാസ പരിശീലന കാര്യാലയം

### അദ്ധ്യാപക സെമിനാർ

മതബോധന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ വിശ്വാസ പരിശീലനത്തിന് ഉപയോഗിക്കുന്ന പുസ്തകങ്ങളെക്കുറിച്ച് അദ്ധ്യാപകർക്ക് കൂടുതൽ അവബോധം ലഭിക്കുന്നതിനായി അദ്ധ്യാപകരെ സംഘടിപ്പിച്ചുകൊണ്ടുള്ള സെമിനാറുകൾ ചിറ്റാർ, വകയാർ, പുത്തൻപീടിക, പന്തളം, പെരുനാട് എന്നിവിടങ്ങളിൽ വച്ച് നടത്തുകയുണ്ടായി. മോൺ. ആന്റണി കാക്കനാട്ട് , മേജർ സെമിനാരി പ്രൊഫസർ റവ.ഡോ.ഫിലിപ്പ് ചെമ്പകശേരി, സി. ലിസ്ബത്ത്, സി. പാസ്ക്കൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ആരംഭത്തിൽ ഒരു മണിക്കൂർ ധ്യാനയോഗം ഉണ്ടായിരുന്നു. അധ്യാപകരുടെ ശ്രദ്ധേയമായ പങ്കാളിത്തം സെമിനാറുകൾക്ക് ഉണ്ടായിരുന്നു

# എം.സി.വൈ.എം.

### തീർത്ഥാടന പദയാത്ര

ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള എം.സി.വൈ.എം നേതൃത്വം നൽകിയ തീർത്ഥാടന പദയാത്ര ജൂലൈ 10ന് റാന്നി പെരുന്നാട്ടിൽ നിന്ന് ആരംഭിച്ചു. പദയാത്രയ്ക്ക് മുന്നോടിയായുള്ള ഒരുക്കധ്യാനം ജൂലൈ 9ന് വൈകിട്ട് 6.30ന് ദേവാലയത്തിൽ നടത്തുകയുണ്ടായി. രൂപതാ സണ്ടേസ്കൂൾ ഡയറക്ടർ ഫാ.വർഗീസ് സാമുവൽ ഒരുക്കധ്യാനം നയിക്കുകയുണ്ടായി. ജൂലൈ 10–ാം തീയതി രാവിലെ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പൊലീത്തായുടെ മുഖ്യ കാർമികത്വത്തിലുള്ള വിശുദ്ധ കുർബാനയോടെ പദയാത്ര ആരംഭിച്ചു. അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവ് വചന സന്ദേശം നൽകി. അഭിവന്ദ്യ ക്രിസോസ്റ്റം പിതാവ് പദയാത്ര കുരിശ് എം.സി.വൈ.എം പ്രസിഡന്റ് അജു തോമസിനും അഭിവന്ദ്യ അന്തോണിയോസ് പിതാവ് എം.സി.വൈ.എം പതാക ജനറൽ സെക്രട്ടറി ഷിജോ വി. വർഗീസിനും നൽകി പദയാത്ര ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. വർഗീസ് വിളയിൽ. ആനിമേറ്റർ സിസ്റ്റർ ലീന എസ്.സി.വി പ്രസിഡന്റ് അജു തോമസ്, ജനറൽ സെക്രട്ടറി ഷിജോ വി വർഗ്ഗീസ്, ജോർജ്ജ് സ്കോട്ട് സ്ലീബ, പ്രീതി, റെന്നി രാജ്, സിബി മാമ്മൻ, സോജു തോമസ് , ജെബി പി.ജോൺ , ജോബി ആന്റണി എന്നിവർ പദയാത്രയ്ക്ക് നേതൃത്വം നൽകി.

### സമസ്യ ക്വിസ് പ്രോഗ്രാം, സ്വാതന്ത്ര്യ ദിനാഘോഷം

പത്തനംതിട്ട രൂപാതാ എംസി.വൈ.എം-ന്റെ ആഭിമുഖ്യത്തിൽ ബൈബിൾ അധിഷ്ഠത ക്വിസ് പ്രോഗ്രാമായ സമസ്യ 2011 ഉം സ്വാതന്ത്ര്യ ദിനാഘോഷവും ആഗസ്റ്റ് 15ന് ഉച്ചയ്ക്ക് 2 ന് വാഴമുട്ടം മലങ്കര കത്തോലിക്കാദേവാലയത്തിൽ വച്ച് നടത്തുകയുണ്ടായി. ഫാ. ജോസഫ് വെൺമാനത്ത് ക്വിസ് പ്രോഗ്രാമിന് നേതൃത്വം നൽകി. വിജയികൾക്ക് രൂപതാ വികാരി ജനറൽ മോൺ ജോസ് ചാമക്കാലായിൽ ട്രോഫികൾ വിതരണം ചെയ്തു.

## *വിജയികൾ*

| | | | |
|---|---|---|---|
| 1st | - മാമ്പാറ | 2nd | - വാഴമുട്ടം |
| 3rd | - വടക്കുപുറം | 4th | - വകയാർ |

സ്വാതന്ത്ര്യദിനാഘോഷ ചടങ്ങുകൾ രൂപതാ വികാരി ജനറൽ മോൺ ജോസ് ചാമക്കാലായിൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ.വർഗ്ഗീസ് വിളയിൽ , കെ.സി.വൈ.എം പ്രസിഡന്റ് അജി ഡാനിയേൽ, രൂപതാ പ്രസിഡന്റ് അജു തോമസ്, ജനറൽ സെക്രട്ടറി ഷിജോ വർഗീസ്, ആനിമേറ്റർ സിസ്റ്റർ ലീന എസ്.സി.വി ജോർജ്ജ് സ്കോട്ട് സ്ലീബാ, റെന്നി രാജ് , അജോ, സിബിമാമൻ, പ്രീതി മേരി ജോർജ്ജ് എന്നിവർ സംബന്ധിച്ചു.

### ഓണാഘോഷം

എം.സി.വൈ.എം ന്റെ ആഭിമുഖ്യത്തിൽ ളാക്കൂർ കാരുണ്യാല

യത്തിൽ വെച്ച് സെപ്തംബർ 10ന് ഓണാഘോഷ പരിപാടികൾ സംഘ ടിപ്പിക്കുകയുണ്ടായി. അത്തപ്പൂക്കളം ഒരുക്കുകയുണ്ടായി. അന്തേവാസി കൾ ഓണസദ്യ ഒരുക്കുകയും ചെയ്തു.

## അഭിനന്ദനങ്ങൾ

പെരിങ്ങനാട് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് എം.സി.വൈ.എം. യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തിയ മാർ ഈവാനിയോസ് ക്വിസ് മത്സരത്തിൽ പെരുനാട് കുരിശുമല തീർത്ഥാട ന ദൈവാലയത്തിൽ നിന്നുള്ള ടീം രണ്ടാം സ്ഥാനം കരിസ്ഥമാക്കി. 11-ാം ക്ലാസ് വിദ്യാർത്ഥികളായ റീന റെജി, അഖില വിൽസൺ എ ന്നിവരാണ് പെരുനാട് ദൈവാലയത്തെ പ്രതിനിധീകരിച്ചത്.

## എം.സി.എ.

### മാർ ഈവാനിയോസ് അനുസ്മരണം

എം.സി.എ. പത്തനംതിട്ട രൂപതാസമിതിയുടെ നേതൃത്വത്തിൽ ജൂ ലൈ 17-ാം തീയതി ഞായറാഴ്ച്ച വൈകിട്ട് 3 ന് തുമ്പമൺ മലങ്കര ക ത്തോലിക്കാപ്പള്ളിയിൽ വച്ച് മാർ ഈവാനിയോസ് അനുസ്മരണ സമ്മേള നം നടത്തപ്പെട്ടു.

## കുടുംബപ്രേഷിത കാര്യാലയം

വിവാഹഒരുക്കസെമിനാർ

പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ പഴകുളം പാസിൽ വച്ച് വരും മാസങ്ങളിലെ വിവാഹ ഒരുക്കസെമിനാർ നടത്തപ്പെടുന്നു.

| മാസം | | തീയതി |
|---|---|---|
| ഒക്ടോബർ | : | 7,8,9 |
| നവംബർ | : | 11,12,13 |
| **ഡിസംബർ** | : | **9,10,11** |

**മാതൃ മഹോത്സവം**

പത്തനംതിട്ട ഭദ്രാസനത്തിലെ മാതൃസംഘാംഗങ്ങളുടെ സർഗവാ സനകളെ പരിപോഷിപ്പിക്കുന്നതിനും കൂട്ടായ്മ ശക്തിപ്പെടുത്തി കൂടുതൽ ക്രിയാത്മകമാക്കുന്നതിനും മാതൃമഹോത്സവം എന്ന പേരിൽ ബൈബിൾ കലോത്സവം സംഘടിപ്പിക്കുന്നു. യൂണിറ്റ്, ജില്ലാതല മത്സരങ്ങൾ യഥാ സമയം നടത്തി മത്സര വിജയികളുടെ പേരു വിവരങ്ങൾ 2011 നവംബർ 27-ാം തീയതിക്കകം ഭദ്രാസന കുടുംബ പ്രേഷിത കാര്യാലയം ഓഫീ സിൽ എത്തിക്കേണ്ടതാണ്. താമസിച്ചു കിട്ടുന്ന ലിസ്റ്റുകൾ പരിഗണിക്കു ന്നതല്ല.

| | | |
|---|---|---|
| ഭദ്രാസന വേദി | : | സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ |
| തീയതി | : | 2011 ഡിസംബർ 10(ശനി) |
| റജിസ്ട്രേഷൻ | : | രാവിലെ 9.00 ന് |
| മത്സരം ആരംഭിക്കുന്നത് | | രാവിലെ 9.30 ന് |

## കെ.സി.ബി.സി. കേരളാ ലേബർ മൂവ്മെന്റ്

അസംഘടിത തൊഴിലാളി ജില്ലാസംഗമം 2011 ഒക്ടോബർ 16-ാം തീയതി പത്തനംതിട്ടയിൽ വച്ച് നടത്തപ്പെടുന്നു. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗം ആന്റോ ആന്റണി എം.പി. ഉദ്ഘാടനം ചെയ്യും. അസംഘടിത മേഖലയിലുള്ള തൊഴിലാളികൾ ഈ സംഗമത്തിൽ വന്ന് പങ്കെടുക്കണമെന്ന് രൂപതാ ഡയറക്ടർ ഫാ. ജോസി ചിറയത്ത്, പ്രസിഡന്റ് ശ്രീ. വർഗീസ് കുളത്തിനാൽ എന്നിവർ അറിയിച്ചു.

### മദ്യവിരുദ്ധസമിതി

പത്തനംതിട്ട രൂപതയുടെ മദ്യവിരുദ്ധസമിതി പ്രവർത്തനം ആരംഭിച്ചു. കോട്ടയത്ത് വച്ച് നടന്ന റീജണൽ മീറ്റിംഗിൽ രൂപത പ്രതിനിധികൾ സംബന്ധിച്ചു. ഇടവകകളിലും സ്കൂളുകളിലും ലഹരിവിരുദ്ധ സെമിനാറുകളും ക്ലാസുകളും രൂപതാ സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നതായിരിക്കും. മദ്യവിരുദ്ധസമിതിയിൽ പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നവരെ ഇതിലേക്ക് പ്രോത്സാഹിപ്പിക്കേണമെ.

ഡയറക്ടർ : ഫാ. റോബിൻ മനയ്ക്കലേത്ത്

## വിൻസന്റ് ഡീ പോൾ സൊസൈറ്റി

### യുവജനസെമിനാർ

പത്തനംതിട്ട സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ യുവജനങ്ങൾക്കും വനിതകൾക്കുമായി ഒരു ഏകദിന സെമിനാർ മെയ് 28 ന് പത്തനംതിട്ട കത്തീഡ്രലിൽ നടത്തി. രൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്നുള്ള 104 യുവജനങ്ങൾ ഉൾപ്പെടെ ഇരുനൂറോളം അംഗങ്ങൾ പങ്കെടുത്തു. 82 വനിതകളും പങ്കെടുത്തു.

സെൻട്രൽ കൗൺസിൽ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന് കൺവീനർ ബ്ര. ജിജി സാം മാത്യു സ്വാഗതം ആശംസിച്ചു. മോൺ. ജോസ് ചാമക്കാലായിൽ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ അനുഗ്രഹ സന്ദേശം നൽകി. ഫാ. ജോൺ തുണ്ടിയത്ത്, ആത്മീക ഉപദേഷ്ടാവ് ഫാ. മാത്യു പുതുപ്പറമ്പിൽ, കൺവീനർ സി. ആൻസി ജയിംസ് എന്നിവർ പ്രസംഗിച്ചു. പഠനക്ലാസിന് റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ നേതൃത്വം നൽകി.

### രൂപതാ വൈദിക സംഗമം

പത്തനംതിട്ട രൂപതയിലെ വൈദികരുടെ സമ്മേളനം സെപ്റ്റംബർ 27, 28 തീയതികളിൽ പഴകുളം പാസിൽ വച്ച് നടത്തപ്പെടുന്നു. 27ന് രാവിലെ 9.00 മണിക്ക് തുടങ്ങി 28 ന് ഉച്ചഭക്ഷണത്തോടുകൂടി അവസാനിക്കും.

# സോഷ്യൽ സർവീസ് സൊസൈറ്റി

### അനുഗ്രഹോത്സവ് 2011

അനുഗ്രഹ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഒന്നാമത് വാർഷികം അനുഗ്രഹോത്സവ് 2011 ജൂലൈ 9ന് വിപുലമായ പരിപാടികളോടെ നടത്തി. സെന്റ് പീറ്റേഴ്സ് ജംഗ്ഷനിൽ നിന്ന് ടൗൺചുറ്റി മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് ആഡിറ്റോറിയത്തിലേക്ക് ആരംഭിച്ച വർണശബളമായ റാലി പത്തനംതിട്ട ജില്ലാ പോലീസ് സൂപ്രണ്ട് കെ.കെ.ബാലചന്ദ്രൻ ഐ.പി എസ്. ഫ്ളാഗ് ഓഫ് ചെയ്തു. തുടർന്ന് അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പൊലീത്തായുടെ മഹനീയാദ്ധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനം ബഹു കേരള ആരോഗ്യവകുപ്പ് മന്ത്രി അഡ്വ.അടൂർ പ്രകാശ് ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ അനുഗ്രഹ പുതിയ പദ്ധതികളായ അനുഗ്രഹ തൊഴിൽ ശ്രേണി, അനുഗ്രഹ ആരോഗ്യ പദ്ധതി, അനുഗ്രഹ ഗൃഹാധിഷ്ഠിത മാലിന്യ സംസ്ക്കരണ ജൈവ യൂണിറ്റ് , അനുഗ്രഹ ഹരിത ഗ്രാമോദയം എന്നീ പദ്ധതികൾക്ക് തുടക്കം കുറിച്ചു. കൂടാതെ അനുഗ്രഹ രക്തദാന ഫോറം രൂപീകരിച്ചു. അനുഗ്രഹ വിദ്യാജ്യോതി സ്കോളർഷിപ്പ് അനുഗ്രഹ കുടുംബക്ഷേമ പദ്ധതി(Help A Family)ധന സഹായം , വീൽ ചെയർ, തയ്യൽ മെഷീൻ എന്നിവയുടെ വിതരണവും നടത്തി.

പ്രസ്തുത പരിപാടിയിൽ എം.പി ആന്റോ ആന്റണി, ജേക്കബ് പുന്നൂസ് ഡി.ജി.പി, അഡ്വ.ശിവദാസൻനായർ എം.എൽഎ, രാജു എബ്രഹാം എം.എൽ.എ, നബാർഡ് ജില്ലാ വികസന ഓഫീസർ ഗോപകുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്ബാബുജോർജ്ജ്,നഗരസഭാ ചെയർമാൻ അഡ്വ.സുരേഷ് കുമാർ, മോൺ. ചാക്കോ തടത്തിൽ ഫാ. ക്രിസ്റ്റി തേവള്ളിൽ, ഫാ.വർഗീസ് ചാമക്കാലായിൽ എന്നിവർ പങ്കെടുത്തു.

### ഓണാഘോഷം

അനുഗ്രഹയുടെ ഈ വർഷത്തെ ഓണാഘോഷം മാനസിക വൈകല്യമുള്ളവരെ ശുശ്രൂഷിക്കുന്ന ഞക്കുകാവ് സെന്റ് മേരീസ് കാരുണ്യഭവനിൽ വച്ച് നടത്തി. അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പൊലീത്താ ഓണ സന്ദേശം നൽകി. പ്രസ്തുത പരിപാടിയിൽ മോൺ. ചാക്കോതടത്തിൽ, സൊസൈറ്റി ഡയറക്ടർ ഫാ.ക്രിസ്റ്റി തേവള്ളിൽ, കാരുണ്യഭവൻ ഡയറക്ടർ ഫാ.ജോൺ ജി. വടക്കേപ്പുറം, സൊസൈറ്റി അസോസിയേറ്റ് ഡയറക്ടർ ഫാ.വർഗീസ് ചാമക്കാലായിൽ, വാർഡ് മെമ്പർ ജിജി സജി എന്നിവർ ആശംസകൾ നേർന്നു. തുടർന്ന് ഓണസദ്യയും ഓണക്കിറ്റും നൽകി.

## ക്ഷയരോഗ ബോധവൽക്കരണം

CHAI (Catholic Health Association India)യുമായി ചേർന്ന് യൂണിറ്റുകൾ തോറും സാമൂഹ്യ സംഘാടകരുടെ നേതൃത്വത്തിൽ ക്ഷയരോഗ ബോധവൽക്കരണം നടത്തുന്നു.

## ഹരിത ഗ്രാമോദയം

ഹരിത ഗ്രാമോദയം പദ്ധതിയുടെ ഭാഗമായി ജില്ലയിലുടനീളം പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് വേണ്ടി അനുഗ്രഹയുടെ നേതൃത്വത്തിൽ ഒരു റിസോഴ്സ് ടീം രൂപീകരിച്ചു. അതിന് വേണ്ട പരിശീലനം സംസ്ഥാന കൃഷി വകുപ്പിന്റെ സഹായത്തോടുകൂടി നൽകി വരുന്നു.

## പരിശീലനങ്ങൾ

കാരിത്താസിന്റെ സഹായത്തോടുകൂടി സ്വയംസഹായ സംഘ ഭാരവാഹികൾക്ക് വേണ്ടി വിവിധ തരത്തിലുള്ള പരീശിലനങ്ങൾ നൽകുന്നു.

## അനുഗ്രഹ ബ്ലഡ് ഡോണേഷൻ സെൽ

അനുഗ്രഹ ആരോഗ്യപദ്ധതിയുടെ ഭാഗമായി അനുഗ്രഹ ബ്ലഡ് ഡോണേഷൻ സെൽ രൂപീകരിച്ചു.

ബന്ധപ്പെടേണ്ട നമ്പർ: ഓഫീസ് 0468 2223137

## സംരംഭകത്വ വികസന പരിശീലനം

നബാർഡിന്റെ സഹായത്തോടുകൂടി അനുഗ്രഹയുടെ വിവിധ യൂണിറ്റുകളിൽ വച്ച് ഒരാഴ്ച നീണ്ടുനിൽക്കുന്ന എംബ്രോയിഡറി, ഫുഡ് പ്രൊഡക്ട്സ്, സോപ്പ് മേക്കിംഗ്, ആർട്ടിഫിഷ്യൽ ജൂവലറി, മഷ്റൂം പ്രൊഡക്ഷൻ , ഫാബ്രിക്സ് പെയിന്റിംഗ് എന്നിവയ്ക്കുള്ള സൗജന്യ സംരംഭകത്വ വികസന പരീശീലനം നടത്തപ്പെടുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ അനുഗ്രഹയുമായി ബന്ധപ്പെടുക.

---

## രൂപതാ കേന്ദ്രത്തിലെ ഫോൺ നമ്പറുകൾ

| | |
|---|---|
| ഭദ്രാസന കേന്ദ്രം | 0468-2223200 |
| മുഖ്യവികാരി ജനറാൾ | 0468-2223400 |
| വികാരി ജനറാൾ/ചാൻസിലർ | 0468-2224600 |
| പ്രൊക്കുറേറ്റർ | 0468-2224900 |

---

Change of Phone No.

Malankara Catholic Church Oottupara, 0468-2240040

**New Appoinments**

Rev. Fr. Manakalathu Robin
Director of Dalith Christian Movement,
Madhyavirudha Samithi

**അഭിനന്ദനങ്ങൾ...**

ജൂലൈ 15 ന് മാർ ഈവാനിയോസ് അനുസ്മരണത്തോടനുബന്ധിച്ച് നടന്ന ഇന്റർ മൈനർ സെമിനാരി ക്വിസ് മത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ പത്തനംതിട്ട രൂപതാ മൈനർ സെമിനാരി വിദ്ധ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ...

**ജന്മദിനാശംസകൾ**

| | | |
|---|---|---|
| Fr. Daniel Narakathinal | - | Sep 19 |
| Fr. Mathew Anto Kannamkulam | - | Sep 25 |
| Fr. Thomas Alunil kunnathil | - | Sep 29 |
| Fr. Idicula Pandiyath | - | Oct 12 |
| Fr. Skaiah Kochumuruppel | - | Oct 21 |
| Fr. Thomas Eziyath | - | Oct 25 |
| Fr.Thomas Malancharuvil | - | Oct 28 |
| Fr.Kuriakose Kuthineth | - | Oct 29 |
| Fr.James Vengattour | - | Oct 31 |

**പൗരോഹിത്യ സ്വീകരണ വാർഷികാശംസകൾ**

| | | |
|---|---|---|
| Fr.Joshua Thazhathethil | - | Oct 3 |

**ആദരാഞ്ജലികൾ**

ബഥനി സന്ന്യാസിനീ സമൂഹം പത്തനംതിട്ട പ്രോവിൻസിന്റെ സുപ്പീരിയർ മദർ സുകൃതയുടെ വത്സലപിതാവ് ആലുംമൂട്ടിൽ ശ്രീ. പോത്തൻ ജോസഫ് (95) ജൂലൈ 21 ന് നിര്യാതനായി. ചങ്ങനാശ്ശേരി രൂപതയിലെ കുന്നന്താനം സെന്റ് ജോസഫ് പള്ളിയിൽ ശവസംസ്കാര ശുശ്രൂഷകൾ നടത്തപ്പെട്ടു. പരേതാത്മാവിന് ആദരാഞ്ജലികൾ അർപ്പിക്കുന്നു.